പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 196 27. 6.11 ൽ മറുപടിയ്ക്ക്

## കൊല്ലം-തങ്കശ്ശേരി വികസന പദ്ധതി

**ചോദ്യം**

ശ്രീ. പി.കെ.ഗുരുദാസൻ

**മറുപടി**

ശ്രീ. കെ.ബാബു
( എക്സൈസും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | കൊല്ലം-തങ്കശ്ശേരി വാണിജ്യ തുറമുഖത്തിന്റെ വികസനത്തിനുവേണ്ടി എന്തെല്ലാം പദ്ധതികൾ തയ്യാറാക്കുന്നുണ്ടെന്നറിയിക്കുമോ ; | എ | കൊല്ലം-തങ്കശ്ശേരി തുറമുഖം PPP മാതൃകയിൽ വികസിപ്പിക്കുന്നതിനായി Deloitte സമർപ്പിച്ച വിശദമായ പദ്ധതി രേഖ സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത തുറമുഖത്ത് അടിസ്ഥാന സൗകര്യങ്ങളായ ചുറ്റുമതിൽ, യാർഡ്, പാസഞ്ചർ ടെർമിനൽ, വാർഫ് എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുറമുഖത്ത് കോസ്റ്റൽ ഷിപ്പിംഗ് വഴി സിമന്റ് കൊണ്ടുവരുന്നതിനും ഇതുവഴി തുറമുഖം കൂടുതൽ ഉപയോഗപ്പെടുത്തുന്നതിനുമായി ടെണ്ടർ ക്ഷണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ M/s. അഗ്രിമ സമർപ്പിച്ച ടെണ്ടർ സർക്കാർ പരിശോധിച്ചുവരുന്നു. തുറമുഖത്ത് ഫോർക്ക് ലിഫ്റ്റ് വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ആരംഭിക്കുന്ന കോസ്റ്റൽ ഷിപ്പിംഗ് നെറ്റ് വർക്ക് പദ്ധതിയിൽ കൊല്ലം തുറമുഖത്തെ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. തുറമുഖ വികസനത്തിനുള്ള ലാൻഡ് അക്വിസിഷൻ നടപടികൾ പുരോഗമിക്കുന്നു. പാസഞ്ചർ ഷിപ്പിനുവേണ്ടിയുള്ള വാർഫ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി വരുന്നു. |